## ആരോഗ്യരംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

135 [2424] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1995-96, 1996-97, 1998-99, 1999-2000, 2000-2001, 2001-02 വർഷങ്ങളിൽ എന്ത് തുക വീതമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; അതിൽ എന്ത് തുകവീതമാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്;

(ബി) 2002-2003-ൽ എന്ത് തുകയാണ് കേന്ദ്രാവിഷ്കൃത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്?

*ഉത്തരം*

(എ) ആന്റ് (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുവേണ്ടി ചെലവഴിച്ച തുക

136 [2425] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 2001-2002-ലെ സംസ്ഥാന ബജറ്റിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) 2000-2001-സാമ്പത്തിക വർഷത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) ആരോഗ്യ വകുപ്പിൽ 1,40,24,08,588 രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 201.44 കോടി രൂപയും ആയുർവേദ ഡയറക്ടറേറ്റിൽ 4165.91 ലക്ഷം രൂപയും ഡ്രഗ്സ് കൺട്രോളർ വകുപ്പിൽ 3,48,60,000 രൂപയും ഹോമിയോ ഡയറക്ടറേറ്റിൽ 1,959 ലക്ഷം രൂപയും ആയുർവേദ കോളേജുകൾക്കായി 9,67,78,000 രൂപയും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജുകൾക്കും ആശുപത്രികൾക്കുമായി 1,35,96,132 രൂപയും കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജുകൾക്കും ആശുപത്രികൾക്കുമായി 1,59,78,027 രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-2001 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിൽ 4,11,25,62,000 രൂപയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 139.99 കോടി രൂപയും ആയുർവേദ ഡയറക്ടറേറ്റിൽ 3898.61 ലക്ഷം രൂപയും ഡ്രഗ്സ് കൺട്രോളർ വകുപ്പിൽ 3,09,32,062 രൂപയും ഹോമിയോ ഡയറക്ടറേറ്റിൽ 1,776 ലക്ഷം രൂപയും ആയുർവേദ കോളേജുകൾക്കായി 9,87,62,000 രൂപയും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിനും ആശുപത്രികൾക്കുമായി 1,37,55,737 രൂപയും കോഴിക്കോട് ഹോമിയോ മെഡിക്കൽ ആശുപത്രികൾക്കും കോളേജിനുമായി 1,83,57,193 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വൃക്ക മാറ്റിവയ്ക്കൽ സംബന്ധിച്ച നിയമം

137 [2429] *ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവയ്ക്കൽ സംബന്ധിച്ച് നിലവിലുള്ള നിയമം ഏതാണ്;

(ബി) പ്രസ്തുത നിയമമനുസരിച്ച് ഏതൊക്കെ സാഹചര്യങ്ങളിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വൃക്ക മാറ്റിവയ്ക്കൽ നിയമപരമായി അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

*ഉത്തരം*

(എ) 1994-ലെ മനുഷ്യാവയവ മാറ്റിവയ്ക്കൽ നിയമമാണ് ഇതു സംബന്ധിച്ച നിയമം.

(ബി) ആന്റ് (സി) രോഗിയുടെ ചികിൽസയ്ക്കുവേണ്ടി മരണപ്പെട്ട ആളിന്റെ ശരീരത്തിൽനിന്നും, ജീവിച്ചിരിക്കുന്ന ഒരാളിന്റെ ശരീരത്തിൽ നിന്നും മനുഷ്യാവയവങ്ങൾ മാറ്റാവുന്നതാണ്. 1994-ലെ മനുഷ്യാവയവ മാറ്റിവയ്ക്കൽ നിയമം അനുസരിച്ചും, 1995-ലെ മനുഷ്യാവയവ മാറ്റിവയ്ക്കൽ ചട്ടങ്ങളനുസരിച്ചുമാണ് ഇത് ചെയ്യുന്നത്. ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ഫാറങ്ങളിൽ മുൻ അനുമതി, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ നല്കിയിരിക്കണം. ഇപ്രകാരം മനുഷ്യ അവയവങ്ങൾ മാറ്റിവയ്ക്കുന്ന ആവശ്യത്തിലേക്കായി അപ്രോപ്രിയേറ്റ് അതോറിറ്റി, ആതറൈസേഷൻ കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്.

## ആശുപത്രിയിലെ ചികിൽസാ ഫീസ് പിൻവലിക്കുവാനുണ്ടായ കാരണം

138 [2430] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിയിലെ ചികിൽസാ ഫീസ് പിൻവലിക്കുവാനുണ്ടായ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly